**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 518** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ നിയന്ത്രണത്തിന് പ്രത്യേക സജ്ജീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വേനൽ ചൂടിന്റെ കാഠിന്യം കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാതിരിക്കാനും തീ നിയന്ത്രണത്തിനും പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വേനൽ ചൂടിന്റെ കാഠിന്യം കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാതിരിക്കാനും തീ നിയന്ത്രണത്തിനും പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ വനമേഖലകളെ വിവിധ ബ്ലോക്കുകളായി വേർതിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെൻറ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതും ഇവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ഫോറസ്റ്റ് സ്റ്റേഷൻ മുതൽ സർക്കിൾ തലം വരെ ഫയർ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ച് സ്ഥിതിഗതികൾ നിരന്തരമായി വിലയിരുത്തി വരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കുവാനായി കാട്ടുതീ ഉണ്ടാകുവാൻ ഇടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ വി.എസ്.എസ് / ഇ.ഡി.സി. അംഗങ്ങളെ ഫയർ വാച്ചർമാരായി നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പെട്രോളിംഗ് നടത്തി വരുന്നുമുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും, ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | ഫയർ ലൈനുകളും ഫയർ ബ്രേക്കുകളും രൂപീകരിക്കുന്നതിന് പുറമെ നിയന്ത്രിത തീയിടൽ | (ബി) | കാട്ടുതീ പ്രതിരോധനത്തിനായി ഫയർ ലൈനുകളും ഫയർ ബ്രേക്കുകളും എടുക്കുന്നത് കൂടാതെ |

| | | | |
|---|---|---|---|
| | രീതിയും അനുവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ; | | ഇന്ധനക്ഷമത കൂടിയ പ്രദേശങ്ങൾ, എത്തിപ്പെടാൻ ദുഷ്കരമായ ഇടങ്ങൾ, ചെറുപുല്ലുകളും അടിക്കാടുകളും നിറഞ്ഞ പാറക്കെട്ടുകൾ തുടങ്ങിയ പ്രദേശങ്ങളിൽ ഫയർ പ്ലാനുകളിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നവംബർ മാസം ആദ്യം മുതൽ ജനുവരി പകുതി വരെ കൺട്രോൾ ബേണിംഗ് നടത്തി വരുന്നു. വനപ്രദേശങ്ങൾക്ക് സമീപമുള്ള വാസസ്ഥലങ്ങളിലേക്കും വനാതിർത്തികളിലും പ്രത്യേകിച്ച് പുൽമേട്ടുകളിൽ കാട്ടുതീ പടർന്ന്പിടിക്കാതിരിക്കാൻ കൺട്രോൾ ബേണിംഗ് നടത്തുന്നുണ്ട്. |
| (സി) | വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകാതിരിക്കാനും ചെറുതടയണകൾ നിർമ്മിക്കാനും ജലലഭ്യത ഉറപ്പുവരുത്താനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (സി) | വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകാതിരിക്കാനും ചെറുതടയണകൾ നിർമ്മിക്കാനും ജലലഭ്യത ഉറപ്പുവരുത്താനും ഉതകുന്ന പദ്ധതികൾ നിലവിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ, പ്രോജക്റ്റ് ടൈഗർ, പ്രോജക്റ്റ് എലിഫന്റ്, Integrated Development of Wildlife Habitats(IDWH) തുടങ്ങിയ പദ്ധതികളിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിലവിലുള്ള കുളങ്ങൾ, വയലുകൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിക്കുന്നതിനു പുറമെ ബ്രഷ് വുഡ് ചെക്ക് ഡാമുകൾ ഉൾപ്പെടെ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിറുത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങും നടത്തി വരുന്നുണ്ട്. |
| (ഡി) | വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി പങ്കാളിത്താധിഷ്ഠിത കാട്ടുതീ പ്രതിരോധ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി പങ്കാളിത്താധിഷ്ഠിത കാട്ടുതീ പ്രതിരോധ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സംസ്ഥാന വനമേധാവിയുടെ **24.12.2019**-ലെ **12/19** നമ്പർ സർക്കുലർ പ്രകാരം **50** ശതമാനത്തോളം അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലന തത്വമനുസരിച്ച് വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റി അംഗങ്ങൾ മുഖാന്തിരം നടത്തി വരുന്നു.<br><br>പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ **427** വി.എസ്.എസ്, **213** ഇ.ഡി.സി. എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളായ കൺട്രോൾ ബേണിംഗ്, ഫയർ ബ്രേക്ക് നിർമ്മാണം, |

| | | | |
|---|---|---|---|
| | | | ഫയർലൈൻ നിർമ്മാണം എന്നീ പ്രവർത്തികൾ ടി ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റി **(EDC)** / വന സംരക്ഷണ സമിതി **(VSS)** വഴി ചെയ്ത് വരുന്നു. കൂടാതെ കാട്ടുതീ നേരിടുന്നതിനുള്ള പരിശീലനവും ഇതിലെ അംഗങ്ങൾക്ക് നൽകി ഫയർവാച്ചർമാർ, ഫയർ ഗ്യാങ്ങുകൾ എന്നിവയിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടി സമിതികളിലെ അംഗങ്ങളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് കാട്ടുതീ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ